**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5634** **03-11-2021 - ൽ മറുപടിയ്ക്ക്**

**ബയോമെട്രിക് മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏതെല്ലാം സാമൂഹികക്ഷേമ പെൻഷനുകൾ എത്ര പേർക്ക് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായിരുന്നവരിൽ 3,42,985പേർ മസ്റ്ററിംഗ് പൂർത്തിയാക്കിയിരുന്നില്ല. ഇവരിൽ പലകാരണങ്ങളാൽ സസ്പെന്റ് ചെയ്യപ്പെട്ടവർ ഒഴികെ 1,95,142 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവിധ ക്ഷേമ നിധി ബോർഡുകളിലെ 1,07,541 പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ തടയപ്പെട്ടിട്ടുണ്ട്. ബയോമെട്രിക്ക് മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന അവസരത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന പക്ഷം ഇവർക്ക് തുടർന്ന് പെൻഷൻ ലഭിക്കുന്നതാണ്. മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരുന്നു. |
| (ബി) | ഇവരുടെ ബയോമെട്രിക് മസ്റ്ററിംഗ് അടിയന്തരമായി നടത്തി അർഹതപ്പെട്ട എല്ലാപേർക്കും കുടിശ്ശികയടക്കമുള്ള പെൻഷൻ ലഭ്യമാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | 2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായിരുന്നവരിൽ 3,42,985പേർ മസ്റ്ററിംഗ് പൂർത്തിയാക്കിയിരുന്നില്ല. ഇവരിൽ പലകാരണങ്ങളാൽ സസ്പെന്റ് ചെയ്യപ്പെട്ടവർ ഒഴികെ 1,95,142 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവിധ ക്ഷേമ നിധി ബോർഡുകളിലെ 1,07,541 പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ തടയപ്പെട്ടിട്ടുണ്ട്. ബയോമെട്രിക്ക് മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന അവസരത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന പക്ഷം ഇവർക്ക് തുടർന്ന് പെൻഷൻ ലഭിക്കുന്നതാണ്. മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരുന്നു. |
| (സി) | ക്ഷേമ പെൻഷൻ വിതരണത്തിൽ വരുന്ന കാലതാമസം പരിഹരിക്കുന്നതിനായി സത്വര നടപടികൾ കൈകൊള്ളുമോ? | (സി) | സാമൂഹ്യ സുരക്ഷാ പെൻഷനുകളും ക്ഷേമനിധി ബോർഡ് പെൻഷനുകളും വിതരണം ചെയ്യുന്നതിൽ കാലതാമസം വരുന്നില്ല. 2020 സെപ്റ്റംബർ മുതൽ |

| | | | |
|---|---|---|---|
| | | | അതാത് മാസം പെൻഷൻ അനുവദിച്ച് വിതരണം ചെയ്തുവരുന്നു. 2021 ഒക്ടോബർ മാസത്തെ പെൻഷൻ അനുവദിച്ചുകൊണ്ട് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ